## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 48 07-01-2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ഹോമുകൾ

**ചോദ്യം**

ശ്രീ. ആർ.സെൽവരാജ്:
ശ്രീ.റ്റി.എൻ.പ്രതാപൻ:
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:
ശ്രീ.സി.പി.മുഹമ്മദ്:

**മറുപടി**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ) കാരുണ്യ ചികിത്സാ സഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഹോമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ഗുണഭോക്താക്കളായ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും അത്യാവശ്യം താമസസൗകര്യം നൽകുന്നതിനായി സംസ്ഥാനത്തിലുള്ള മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ബി) പ്രസ്തുത ഹോമുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**(ബി), (സി) &(ഡി)**
ദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചികിത്സാവേളയിൽ ചുരുങ്ങിയ ചിലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ഹോമുകളുടെ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു.

സി) രോഗികളുടെ കൂട്ടിരിപ്പുകാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് കാരുണ്യഹോം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ദൈനംദിന കൃത്യങ്ങൾക്കും, അത്യാവശ്യ

| | | |
|---|---|---|
| ഡി) | കാരുണ്യഹോമുകൾക്കായുള്ള സ്ഥലം എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | പാചകത്തിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജുകളുടെ ഉടമസ്ഥയിലുള്ളതും കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യവുമായ സ്ഥലം പ്രസ്തുത ആശുപത്രി അധികൃതർ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**